(സി) കഴിഞ്ഞവർഷം ഉൽപ്പാദിപ്പിച്ച പച്ചക്കറിയ്ക്ക് എന്തുവില വരുമെന്ന് വ്യക്തമാക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 5.78 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചിരുന്നു.

(ബി) ഊർജ്ജിത പച്ചക്കറി വികസന പരിപാടികളുടെ ഫലമായി മാത്രം കഴിഞ്ഞവർഷം സംസ്ഥാനത്ത് 4.85 ലക്ഷം ടൺ പച്ചക്കറി ഉൽപാദിപ്പിക്കുകയുണ്ടായി. പദ്ധതിയുടെ ഫലമായി ഇതുവരെ 10.75 ലക്ഷം ടൺ ഉൽപാദിപ്പിച്ചു.

(സി) 500 കോടി രൂപയുടെ പച്ചക്കറികൾ കഴിഞ്ഞവർഷം ഉൽപാദിപ്പിച്ചു.

ഓംബുഡ്സ്മാന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടി

8 (*66) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ നടക്കുന്ന മരാമത്ത് പ്രവർത്തികൾ ഉൾപ്പടെയുള്ളവയെ സംബന്ധിച്ച് പരാതികൾ പരിഗോധിച്ച് തീർപ്പ് കൽപിക്കാൻ നിയോഗിച്ച 'ഓംബുഡ്സ്മാന്റെ' പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) പഞ്ചായത്തുകളിലെ ക്രമക്കേടുകളെ സംബന്ധിച്ച് 31-1-2001 വരെ എത്ര പരാതികളാണ് ഓംബുഡ്സ്മാന് ലഭിച്ചിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഇതിൽ എത്ര പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട് ;

(ഇ) ഓംബുഡ്സ്മാന്റെ വിധിയുടെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഓംബുഡ്സ്മാന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1628 പരാതികൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവക്കെതിരെയാണ് ഈ കേസുകൾ നിലവിലുള്ളത്.

(ഡി) 410

(ഇ) ഓംബുഡ്സ്മാന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ വയനാട് ജില്ലയിലെ ഒരു ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) ഇപ്പോഴത്തെ സംവിധാനത്തിൽ പ്രവർത്തിക്കുന്നതിൽ നിന്നും ഉണ്ടാകുന്ന നേട്ടങ്ങൾ അവലോകനം ചെയ്തശേഷം ആവശ്യമെങ്കിൽ വേണ്ട ഭേദഗതികൾ വരുത്താവുന്നതാണ്. ഓംബുഡ്സ്മാന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ നടക്കുന്നതിനാവശ്യമായ ജീവനക്കാരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതു വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ഒരു തീരുമാനം കൈക്കൊള്ളുവാൻ നിർവാഹമില്ല.

ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്നതിനായിട്ടുള്ള മാർഗ്ഗരേഖകൾ

9 (*68) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ കരാർ അടിസ്ഥാനത്തിൽ വിദേശ മദ്യം വാങ്ങുന്നതിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്നതിനായിട്ടുള്ള മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത മാർഗ്ഗരേഖയുടെ കോപ്പി ലഭ്യമാക്കുമോ ; ഈ മാർഗ്ഗരേഖകളിലെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണോ പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ഇ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) വിദേശ മദ്യവിതരണത്തിനായി എല്ലാ വർഷവും കോർപ്പറേഷൻ വിദേശ മദ്യ/ബിയർ ഉൽപ്പാദകരിൽ നിന്നും റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ അപേക്ഷ ക്ഷണിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly